# ദൈവിക ഭവനങ്ങൾ

[ Malayalam – മലയാളം - مليالم ]

﴿ بيوت الله ﴾


## സയ്യിദ് സഅ്ഫർ സ്വാദിഖ്

سيد سعفر صادق

എഡിററർ: സുഫ്‌യാൻ അബ്ദുസ്സലാം

مراجعة: سفيان عبد السلام



കോപറേറ്റീവ് ഓഫീസ് ഫോർ കാൾ & ഗൈഡൻസ്

റബ്‌വ – റിയാദ് – സൗദി അറേബ്യ

المكتب التعاوني للدعوة وتوعية الجاليات بالربوة بمدينة الرياض

المملكة العربية السعودية

1432 - 2011

islamhouse.com

بسم الله الرحمن الرحيم

ഭൂമിയും, ആകാശവും സൃഷ്ടിച്ചതും, പരിപാലിക്കുന്നതും അല്ലാഹുവാണ്. അവന്റെ നിയമങ്ങൾക്ക് വിധേയമായിട്ടാണ് പ്രപഞ്ചം മുഴുവനും സഞ്ചരിച്ച് കൊണ്ടിരിക്കുന്നത്. പള്ളികൾക്ക് ഇസ്ലാമിൽ വളരെ വലിയ സ്ഥാനമാണ് ഉള്ളത്. അതിൽ ഏറ്റവും പ്രധാനപ്പെട്ടത് അല്ലാഹുവിനെ മാത്രം ആരാധിക്കുവാനായി ഭൂമിയിൽ ആദ്യം പടുത്തുയർത്തപ്പെട്ട പള്ളിയാണ് മക്കയിലെ കഅബ.

(إِنَّ أَوَّلَ بَيْتٍ وُضِعَ لِلنَّاسِ لَلَّذِي بِبَكَّةَ مُبَارَكًا وَهُدًى لِلْعَالَمِينَ) (آل عمران:**96**)

'തീർച്ചയായും മനുഷ്യർക്ക് വേണ്ടി സ്ഥാപിക്കപ്പെട്ട ഒന്നാമത്തെ ആരാധനാ മന്ദിരം ബക്കയിൽ ഉള്ളതത്രെ. (അത്) അനുഗൃഹീതമായും ലോകർക്ക് മാർഗദർശകമായും (നിലകൊള്ളുന്നു.)' (ആലു ഇംറാൻ: 96)

ഭൂമിയിൽ അല്ലാഹുവിന് ഏറ്റവും കൂടുതൽ ഇഷ്ടമുള്ള സ്ഥലങ്ങളാണ് മുസ്ലീംകൾ നിർബ്ബന്ധമായും അഞ്ച് നേരം ചെല്ലേണ്ട പള്ളികൾ.അല്ലാഹുവിന്റെ ഭവനങ്ങളായി പള്ളികൾ പടുത്തുയർത്തേണ്ടതും, അത് പരിപാലിക്കേണ്ടതും മുസ്ലീംകളുടെ നിർബ്ബന്ധ ബാധ്യതയാണ്.

( عَنْ أَبِي هُرَيْرَةَ أَنَّ رَسُولَ اللهِ صَلَّى اللهُ عَلَيْهِ وَسَلَّمَ قَالَ أَحَبُّ الْبِلَادِ إِلَى اللهِ مَسَاجِدُهَا وَأَبْغَضُ الْبِلَادِ إِلَى اللهِ أَسْوَاقُهَا ) (مسلم)

അബൂഹുറൈറ(ﷺ)വിൽ നിന്ന്:, റസൂലുല്ലാഹ്(ﷺ) പറഞ്ഞു: 'ഭൂമിയിൽ അല്ലാഹുവിന് ഏറ്റവും ഇഷ്ടമുള്ള സ്ഥലങ്ങൾ അതിലെ പള്ളികളാകുന്നു, അതിൽ അല്ലാഹുവിന് ഏറ്റവും കോപമുള്ള സ്ഥലങ്ങൾ അതിലെ അങ്ങാടികളാകുന്നു' (മുസ്ലിം)

(إِنَّمَا يَعْمُرُ مَسَاجِدَ اللهِ مَنْ آمَنَ بِاللهِ وَالْيَوْمِ الْآخِرِ وَأَقَامَ الصَّلَاةَ وَآتَى الزَّكَاةَ وَلَمْ يَخْشَ إِلَّا اللهَ فَعَسَى أُولَئِكَ أَنْ يَكُونُوا مِنَ الْمُهْتَدِينَ) (التوبة: **18** )

'അല്ലാഹുവിന്റെ പള്ളികൾ പരിപാലിക്കേണ്ടത് അല്ലാഹുവിലും അന്ത്യ ദിനത്തിലും വിശ്വസിക്കുകയും, നമസ്കാരം മുറപോലെ നിർവഹിക്കുകയും, സകാത്ത് നൽകുകയും അല്ലാഹുവെയല്ലാതെ ഭയ

പ്പെടാതിരിക്കുകയും ചെയ്തവർ മാത്രമാണ്. എന്നാൽ അത്തരക്കാർ സൻമാർഗം പ്രാപിക്കുന്നവരുടെ കൂട്ടത്തിലായേക്കാം'(തൗബ:18)

പള്ളികൾ വളരെ വൃത്തിയോടെ സംരക്ഷിക്കേണ്ടതും, ആവശ്യമുള്ള സ്ഥലങ്ങളിൽ പള്ളി നിർമ്മിക്കേണ്ടതും മുസ്ലീംകളുടെ ബാധ്യതയാകുന്നു. മക്കയിൽ നിന്ന് പ്രവാചകൻ(ﷺ) മദീനയിലേക്ക് പലായനം ചെയ്ത് ഖുബയിലെത്തിയ സന്ദർഭത്തിൽ അവിടെ ഒരു കൊച്ചു പള്ളി നിർമ്മിക്കുകയുണ്ടായി.ശേഷം മദീനയിലെത്തിയ പ്രവാചകൻ(ﷺ) അവിടെയും ഒരു പള്ളി നിർമ്മിച്ചു.പള്ളി നിർമ്മാണം വലിയ പുണ്യകർമ്മമായിട്ടാണ് ഇസ്ലാം പഠിപ്പിക്കുന്നത്. ആവശ്യമാണെങ്കിൽ പള്ളി നിർമ്മിക്കുകയും, അത് സംരക്ഷിക്കുകയും ചെയ്യേണ്ടത് അവിടെയുള്ള മുസ്ലീംകളുടെ ബാധ്യതയാണ്. എന്നാൽ സംഘടനാ താൽപര്യങ്ങൾക്ക് വേണ്ടി ഒരേ ആശയത്തിലും, ആദർശത്തിലും പ്രവർത്തിക്കുന്നവർ ഒരേ സ്ഥലത്ത് വ്യത്യസ്ഥ പള്ളികൾ ഉണ്ടാക്കുന്നതിന്റെ ലക്ഷ്യം എന്താണോ അതിനനുസരിച്ചായിരിക്കും അവർക്ക് പ്രതിഫലം ലഭിക്കുക. കിടമാൽസര്യത്തിനും, സംഘടനാ സങ്കുചിതത്വത്തിനും വേണ്ടി പള്ളികൾ പണിയുന്നത് അത്ര നല്ലതല്ലായെന്നാണ് പ്രമാണങ്ങൾ നമ്മെ പഠിപ്പിക്കുന്നത്. കാരണം ഇസ്ലാമിൽ ഏത് കാര്യവും ചെയ്യേണ്ടത് പരലോകത്ത് പുണ്യം ലഭിക്കണമെന്നതിനാണ്.അത്കൊണ്ട് പള്ളിനിർമ്മാണത്തിലും ആ താത്പര്യമായിരിക്കണം ഉണ്ടാവേണ്ടത്. മുസ്ലിംകൾ ശ്രദ്ധ ചെലുത്തേണ്ട ഒരു കാര്യമാണിത്. ആവശ്യമുള്ള സ്ഥലത്ത് പള്ളി നിർമ്മിക്കുന്നതിന്റെ പ്രത്യേകതയായി ഇസ്ലാം പഠിപ്പിക്കുന്നത് നാം ശ്രദ്ധിക്കുക:

عن عُثْمَانَ بْنَ عَفَّانَ قَالَ سَمِعْتُ رَسُولَ اللَّهِ صَلَّى اللهُ عَلَيْهِ وَسَلَّمَ يَقُولُ مَنْ بَنَى مَسْجِدًا لِلَّهِ بَنَى اللَّهُ لَهُ فِي الْجَنَّةِ مِثْلَهُ – وفي رواية- بَنَى اللَّهُ لَهُ بَيْتًا فِي الْجَنَّةِ ) (مسلم)

ഉഥ്മാനുബ്നു അഫ്ഫാൻ(ﷺ)വിൽ നിന്ന്; റസൂലുല്ലാഹ്(ﷺ) പറയുന്നതായി ഞാൻ കേട്ടു: 'ആരെങ്കിലും അല്ലാഹുവിന് വേണ്ടി ഒരു പള്ളി നിർമ്മിക്കുകയാണെങ്കിൽ അല്ലാഹു അവന് അതുപോലെ ഒന്ന് സ്വർഗത്തിൽ നിർമ്മിച്ച് നൽകുന്നതാണ്. മറ്റൊരു റിപ്പോർട്ടിൽ ഉള്ളത്: സ്വർഗത്തിൽ അവന് ഒരു വീട് നിർമ്മിച്ചു കൊടുക്കുന്നതാണ്

എന്നാണ്.' (മുസ്ലിം)

( عَنْ جَابِرِ بْنِ عَبْدِ اللَّهِ أَنَّ رَسُولَ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ قَالَ مَنْ بَنَى مَسْجِدًا لِلَّهِ كَمَفْحَصِ قَطَاةٍ أَوْ أَصْغَرَ بَنَى اللَّهُ لَهُ بَيْتًا فِي الْجَنَّةِ) (إبن ماجه)

ജാബിർ ഇബ്നു അബ്ദുല്ലാഹ്(ﷺ)വിൽ നിന്ന്, റസൂലുല്ലാഹ്(ﷺ) പറഞ്ഞു: 'ആരെങ്കിലും അല്ലാഹുവിന് വേണ്ടി ഒരു പള്ളി നിർമ്മിച്ചാൽ അത് ഒരു ചെറിയ പക്ഷിയുടെ കൂട്പോലെയുള്ളതോ, അതിനേക്കാൾ ചെറുതോ ആയിരുന്നാലും അവന് വേണ്ടി അല്ലാഹു സ്വർഗത്തിൽ ഒരു വീട് നിർമ്മിച്ചു കൊടുക്കുന്നതാണ്' (ഇബ്നുമാജ)

**ഭംഗിയോടെ...**

പള്ളിയുമായി ബന്ധപ്പെട്ട് ഒരുപാട് മര്യാദകളുണ്ട്. അതിൽ പെട്ടതാണ് പള്ളിയിലേക്ക്പോകുമ്പോൾ നല്ല രൂപത്തിൽ പോവുക. ഖുർആൻ പറയുന്നു:

(يَابَنِي آدَمَ خُذُوا زِينَتَكُمْ عِنْدَ كُلِّ مَسْجِدٍ وَكُلُوا وَاشْرَبُوا وَلَا تُسْرِفُوا إِنَّهُ لاَ يُحِبُّ الْمُسْرِفِينَ) (الأعراف: **31**)

'ആദം സന്തതികളേ, എല്ലാ ആരാധനാലയത്തിങ്കലും (അഥവാ എല്ലാ ആരാധനാവേളകളിലും) നിങ്ങൾക്ക് അലങ്കാരമായിട്ടുള്ള വസ്ത്രങ്ങൾ ധരിച്ചുകൊള്ളുക നിങ്ങൾ തിന്നുകയും കുടിക്കുകയും ചെയ്തു കൊള്ളുക. എന്നാൽ നിങ്ങൾ ദുർവ്യയം ചെയ്യരുത്. ദുർവ്യയം ചെയ്യുന്നവരെ അല്ലാഹു ഇഷ്ടപ്പെടുകയേയില്ല.' (അഅ്റാഫ് ; 31)

( عَنْ عُثْمَانَ بْنِ عَفَّانَ قَالَ سَمِعْتُ رَسُولَ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ يَقُولُ مَنْ تَوَضَّأَ لِلصَّلَاةِ فَأَسْبَغَ الْوُضُوءَ ثُمَّ مَشَى إِلَى الصَّلَاةِ الْمَكْتُوبَةِ فَصَلَّاهَا مَعَ النَّاسِ أَوْ مَعَ الْجَمَاعَةِ أَوْ فِي الْمَسْجِدِ غَفَرَ اللَّهُ لَهُ ذُنُوبَهُ ) (مسلم)

ഉഥ്മാനുബ്നു അഫ്ഫാൻ(ﷺ)വിൽ നിന്ന്; റസൂലുല്ലാഹ്(ﷺ) പറയുന്നതായി ഞാൻ കേട്ടു; 'ആരെങ്കിലും നമസ്കാരത്തിന് വേണ്ടി വുദു ചെയ്തു, വുദു പരിപൂർണമായി ചെയ്ത് നിർബന്ധ നമസ്കാരത്തിലേക്ക് നടന്ന്പോയി ജനങ്ങളോടൊപ്പം നമസ്കരിച്ചു, അല്ലെ

ങ്കിൽ സംഘമായി നമസ്കരിച്ചു, അല്ലെങ്കിൽ പള്ളിയിൽ നമസ്കരിച്ചുവെങ്കിൽ അവന്റെ പാപങ്ങളെല്ലാം അല്ലാഹു പൊറുത്തു കൊടുക്കുന്നതാണ്' (മുസ്ലിം).

പള്ളിയുമായി ബന്ധപ്പെട്ട് ജീവിക്കുന്നവർക്ക് പരലോകത്ത് അല്ലാഹുവിന്റെ തണലല്ലാതെ വേറെ ഒരു തണലും ലഭിക്കാത്ത സന്ദർഭത്തിൽ അല്ലാഹു തണൽ നൽകി ആദരിക്കുമെന്ന് നമുക്ക് ഹദീസിൽ കാണാവുന്നതാണ്.

( عَنْ أَبِي هُرَيْرَةَ عَنِ النَّبِيِّ صَلَّى اللهُ عَلَيْهِ وَسَلَّمَ قَالَ سَبْعَةٌ يُظِلُّهُمُ اللهُ فِي ظِلِّهِ يَوْمَ لَا ظِلَّ إِلَّا ظِلُّهُ الْإِمَامُ الْعَادِلُ وَشَابٌّ نَشَأَ فِي عِبَادَةِ رَبِّهِ وَرَجُلٌ قَلْبُهُ مُعَلَّقٌ فِي الْمَسَاجِدِ وَرَجُلَانِ تَحَابَّا فِي اللهِ اجْتَمَعَا عَلَيْهِ وَتَفَرَّقَا عَلَيْهِ وَرَجُلٌ طَلَبَتْهُ امْرَأَةٌ ذَاتُ مَنْصِبٍ وَجَمَالٍ فَقَالَ إِنِّي أَخَافُ اللهَ وَرَجُلٌ تَصَدَّقَ أَخْفَى حَتَّى لَا تَعْلَمَ شِمَالُهُ مَا تُنْفِقُ يَمِينُهُ وَرَجُلٌ ذَكَرَ اللهَ خَالِيًا فَفَاضَتْ عَيْنَاهُ ) (بخاري)

അബൂഹുറൈറ(ﷺ)വിൽ നിന്ന്: പ്രവാചകൻ(ﷺ) പറയുകയുണ്ടായി: 'അല്ലാഹുവിന്റെ തണലല്ലാത്ത വേറെ ഒരു തണലും ലഭിക്കാത്ത ദിവസം ഏഴ് വിഭാഗമാളുകൾക്ക് അവന്റെ തണൽ വിരിച്ച് കൊടുക്കുന്നതാണ്.അവർ നീതിമാനായ ഭരണാധികാരി,തന്റെ രക്ഷിതാവിനെ ആരാധിക്കുന്നവനായി വളർന്ന് വന്ന യുവാവ്, പള്ളിയുമായി മനസ് ബന്ധിപ്പിക്കപ്പെട്ട മനുഷ്യൻ, അല്ലാഹുവിന് വേണ്ടി ഒരുമിക്കുകയും അവന്വേണ്ടി തന്നെ വേർപിരിയുകയും ചെയ്ത രണ്ടാളുകൾ, കുലീനയും സൗന്ദര്യവതിയുമായ ഒരു സ്ത്രീ വ്യഭിചാരത്തിന് ക്ഷണിച്ചിട്ട് ഞാൻ അല്ലാഹുവിനെ ഭയപ്പെടുന്നുവെന്ന് പറഞ്ഞ് അതിൽ നിന്നും പിൻമാറുന്നവൻ, വലത് കൈ ചിലവഴിക്കുന്നത് ഇടത് കൈപോലും അറിയാത്ത രൂപത്തിൽ ദാനധർമ്മം ചെയ്തിട്ട് അത് മറച്ച് വെച്ചവൻ, ഏകാന്തമായി അല്ലാഹുവിനെ ഓർത്ത് കണ്ണുകളിൽ നിന്ന് കണ്ണ് നീർ പൊഴിച്ചവൻ' (ബുഖാരി)

പള്ളിയുമായി ബന്ധപ്പെട്ട് ജീവിക്കുകയെന്ന് പറഞ്ഞാൽ പള്ളിയെ സംരക്ഷിക്കുക, അവിടെ അത്യാവശ്യമുള്ള കാര്യങ്ങൾ നോക്കി നടത്തുക പോലെയുള്ള കാര്യങ്ങളാണ്. ഇതെല്ലാം അവിടെയുള്ള ഓരോ മുസ്ലിമിന്റെയും ബാധ്യതയാണ്.ചില പള്ളികളിൽ

പോയാൽ അത്യാവശ്യത്തിന് വെളിച്ചമോ സൗകര്യങ്ങളോ ഒന്നും ഉണ്ടാവില്ല. അടുത്ത വീടുകളിൽ ആവശ്യത്തിനും അനാവശ്യത്തിനും വേണ്ടി ലൈറ്റുകൾ പ്രകാശിപ്പിച്ചാലും തൊട്ടടുത്തുള്ള അല്ലാഹുവിന്റെ വീടായ പള്ളിയെ ആളുകൾക്ക് സൗകര്യപ്രദമാവുന്ന രൂപത്തിൽ വെളിച്ചം ലഭിക്കുവാനുള്ള സൗകര്യങ്ങൾ പോലും ചെയ്യുന്നില്ലായെന്നത് ഖേദകരമായ സംഗതിയാണ്. അത്കൊണ്ട് പള്ളികളെ കഴിവിന്റെ പരമാവധി നാം സംരക്ഷിക്കുകയും ശ്രദ്ധിക്കുകയും ചെയ്യേണ്ടതുണ്ട്.

**ദുർഗന്ധം ഉപേക്ഷിക്കുക:**

അല്ലാഹുവിന് ഏറ്റവും ഇഷ്ടപ്പെട്ട സ്ഥലമാണ് പള്ളികൾ, അവിടെ വെച്ച് അല്ലാഹുവിന്വേണ്ടി ആരാധനകൾ അർപ്പിക്കുമ്പോൾ അനുഗ്രഹത്തിന്റെ മലക്കുകൾ അവിടെ സന്നിഹിതരാവുകയും, അവിടെയുള്ളവർക്ക് അനുഗ്രഹത്തിന് വേണ്ടി പ്രാർത്ഥിക്കുകയും ചെയ്യും.അതുകൊണ്ട് തന്നെ മലക്കുകൾക്കും, മനുഷ്യർക്കും ബുദ്ധിമുട്ടുണ്ടാക്കുന്ന ദുർഗന്ധം വമിക്കുന്ന കാര്യങ്ങളിൽ നിന്ന് വിട്ട് നിൽക്കേണ്ടതുണ്ട്.അതുകൊണ്ട് തന്നെ ദുർഗന്ധം വമിക്കുന്ന വെളുത്തുള്ളി, ഉള്ളി എന്നിവ വേവിക്കാതെ തിന്നുകയും, എന്നിട്ട് ശരിക്കും വായ വൃത്തിയാക്കാതെ പള്ളിയിൽ പോയി അവിടെയുള്ളവരെ ബുദ്ധിമുട്ടിപ്പിക്കരുത്.അതുപോലെ പുകവലിക്കാരായ ആളുകൾ അത് ജീവിതത്തിൽ നിന്ന് പാടെ ഉപേക്ഷിക്കുക. ഇസ്ലാം അത് വിരോധിക്കുന്നുവെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. സിഗരറ്റും മറ്റും ഉപയോഗിച്ചുകൊണ്ട് പള്ളിയിൽ പോകുകയും അവിടെയുള്ളവരെ ബുദ്ധിമുട്ടിപ്പിക്കുകയും ചെയ്യുന്നത് ശിക്ഷ ലഭിക്കുവാൻ കാരണമാവും. അല്ലാഹു അനുവദിച്ച ഉള്ളി തിന്നു കൊണ്ട് പോലും നിങ്ങൾ പള്ളിയിൽ പോകരുത് എന്ന് പ്രവാചകൻ(ﷺ) വിലക്കിയിട്ടുണ്ടെങ്കിൽ സിഗരറ്റിന്റെയും, ബീഡിയുടെയും കാര്യം പറയേണ്ടതില്ലല്ലോ. ഹദീസ് ശ്രദ്ധിക്കുക:

( أَنَّ جَابِرَ بْنَ عَبْدِاللهِ رَضِي اللهُ عَنْهما عَنِ النَّبِيِّ صَلَّى اللهُ عَلَيْهِ وَسَلَّمَ قَالَ مَنْ أَكَلَ ثُومًا أَوْ بَصَلًا فَلْيَعْتَزِلْنَا أَوْ لِيَعْتَزِلْ مَسْجِدَنَا ) (البخاري)

ജാബിറുബ്നു അബ്ദുല്ലാഹ്(﵁)വിൽ നിന്ന് നബി(ﷺ) പറഞ്ഞു: 'ആരെങ്കിലും വെളുത്തുള്ളിയോ, ഉള്ളിയോ തിന്നാൽ അവൻ നമ്മളി

ൽ നിന്ന് വിട്ട് നിൽക്കട്ടെ, അല്ലെങ്കിൽ നമ്മുടെ പള്ളിയിൽ നിന്ന് വിട്ട് നിൽക്കട്ടെ' (ബുഖാരി).

**കാരണമെന്ത്?**

( عَنْ جَابِرٍ قَالَ نَهَى رَسُولُ اللَّهِ صَلَّى اللهُ عَلَيْهِ وَسَلَّمَ عَنْ أَكْلِ الْبَصَلِ وَالْكُرَّاثِ فَغَلَبَتْنَا الْحَاجَةُ فَأَكَلْنَا مِنْهَا فَقَالَ مَنْ أَكَلَ مِنْ هَذِهِ الشَّجَرَةِ الْمُنْتِنَةِ فَلَا يَقْرَبَنَّ مَسْجِدَنَا فَإِنَّ الْمَلَائِكَةَ تَأَذَّى مِمَّا يَتَأَذَّى مِنْهُ الْإِنْسُ ) (مسلم)

ജാബിർ(ﷺ)വിൽ നിന്ന്: വെളുത്തുള്ളിയും, ഉള്ളിയും തിന്നുന്നത് നബി(ﷺ) വിരോധിക്കുകയുണ്ടായി,അത് ഞങ്ങൾക്ക് അനിവാര്യമായി വന്നപ്പോൾ ഞങ്ങൾ അതിൽ നിന്ന് ഭക്ഷിക്കുകയുണ്ടായി, അപ്പോൾ റസൂലുല്ലാഹ്(ﷺ) പറഞ്ഞു: ഈ വാസനയുണ്ടാക്കുന്ന മരത്തിൽ നിന്ന് ആരെങ്കിലും ഭക്ഷിച്ചിട്ടുണ്ടെങ്കിൽ അവർ നമ്മുടെ പള്ളിയോട് അടുത്ത് പോകരുത്. കാരണം മനുഷ്യർ ബുദ്ധിമുട്ടനുഭവിക്കുന്നത് കൊണ്ട് മലക്കുകളും ബുദ്ധിമുട്ടനുഭവിക്കുന്നതാണ്' (മുസ്ലിം)

**ശ്രദ്ധിക്കുക:**

ഇസ്ലാമിക പ്രമാണങ്ങൾ ഒരുകാര്യം പഠിപ്പിക്കുന്നുവെങ്കിൽ അത് ജീവിതത്തിൽ പാടെ സ്വീകരിക്കേണ്ടത് ഓരോ മുസ്ലിമിന്റെയും ബാധ്യതയാണ്. അതിനെ അവഗണിക്കുന്നവർ താഴെ വരുന്ന ആയത്ത് പരിശോധിക്കട്ടെ.

(فَلْيَحْذَرِ الَّذِينَ يُخَالِفُونَ عَنْ أَمْرِهِ أَنْ تُصِيبَهُمْ فِتْنَةٌ أَوْ يُصِيبَهُمْ عَذَابٌ أَلِيمٌ)

(النور:**63**)

'ആകയാൽ അദ്ദേഹത്തിന്റെ കൽപനയ്ക്ക് എതിർ പ്രവർത്തിക്കുന്നവർ തങ്ങൾക്ക് വല്ല ആപത്തും വന്നുഭവിക്കുകയോ, വേദനയേറിയ ശിക്ഷ ബാധിക്കുകയോ ചെയ്യുന്നത് സൂക്ഷിച്ചു കൊള്ളട്ടെ' (നൂർ:63).

**നേരത്തെ പോകുക:**

പള്ളിയുമായി ബന്ധപ്പെട്ട മര്യാദകളിൽ പെട്ടതാണ് അഞ്ച് നേരത്തെ നമസ്കാരത്തിന് വളരെ നേരത്തെ പള്ളിയിലേക്ക് പോവുകയെന്നത്. അതിന് വർദ്ധിച്ച പ്രതിഫലമുണ്ടെന്നാണ് ഇസ്ലാം പ

റിപ്പിക്കുന്നത്.

( عَنْ أَبِي هُرَيْرَةَ أَنَّ رَسُولَ اللَّهِ صَلَّى اللهُ عَلَيْهِ وَسَلَّمَ قَالَ لَوْ يَعْلَمُ النَّاسُ مَا فِي النِّدَاءِ وَالصَّفِّ الْأَوَّلِ ثُمَّ لَمْ يَجِدُوا إِلَّا أَنْ يَسْتَهِمُوا عَلَيْهِ لَاسْتَهَمُوا وَلَوْ يَعْلَمُونَ مَا فِي التَّهْجِيرِ لَاسْتَبَقُوا إِلَيْهِ وَلَوْ يَعْلَمُونَ مَا فِي الْعَتَمَةِ وَالصُّبْحِ لَأَتَوْهُمَا وَلَوْ حَبْوًا ) (البخاري)

അബൂഹുറൈറ(ﷺ)വിൽ നിന്ന്; റസൂലുല്ലാഹ്(ﷺ) പറഞ്ഞു: ‘ബാങ്കിലും, ഒന്നാമത്തെ സ്വഫ്ഫിലും ഉള്ള പ്രതിഫലം ജനങ്ങൾ അറിഞ്ഞിരുന്നുവെങ്കിൽ അത് കരഗതമാക്കുവാൻ നറുക്കിലൂടെയല്ലാതെ അത് ലഭിക്കുകയില്ലെങ്കിൽ അവർ നറുക്കിടുവാനും തയ്യാറാകുമായിരുന്നു, പള്ളിയിലേക്ക് വളരെ നേരത്തെ പോകുന്നതിന്റെ പ്രതിഫലം അവർ അറിഞ്ഞിരുന്നുവെങ്കിൽ അവർ അതിന് വേണ്ടി മത്സരിക്കുമായിരുന്നു, സുബഹിയുടെയും അസറിന്റെയും പ്രതിഫലം അവർ അറിഞ്ഞിരുന്നുവെങ്കിൽ അവർ അതിലേക്ക് മുട്ടിൽ ഇഴഞ്ഞ്കൊണ്ട് തന്നെയെങ്കിലും എത്തുമായിരുന്നു’ (ബുഖാരി)

**ഗാംഭീര്യത്തോടെ, ഭയഭക്തിയോടെ.**

പള്ളികളിലേക്ക് പോകുന്നത് ഗാംഭീര്യതയോടെ, ഭയഭക്തിയോടെ അല്ലാഹുവിന്റെ വീട്ടിലേക്കാണ്, തന്റെ രക്ഷിതാവിനോടുള്ള രഹസ്യ സംഭാഷണത്തിനാണ് എന്ന ബോധത്തോടെയായിരിക്കണം. ഹദീസ് നോക്കുക:

(عَنْ عَبْدِ اللَّهِ بْنِ أَبِي قَتَادَةَ عَنْ أَبِيهِ قَالَ بَيْنَمَا نَحْنُ نُصَلِّي مَعَ النَّبِيِّ صَلَّى اللهُ عَلَيْهِ وَسَلَّمَ إِذْ سَمِعَ جَلَبَةَ رِجَالٍ فَلَمَّا صَلَّى قَالَ مَا شَأْنُكُمْ قَالُوا اسْتَعْجَلْنَا إِلَى الصَّلَاةِ قَالَ فَلَا تَفْعَلُوا إِذَا أَتَيْتُمُ الصَّلَاةَ فَعَلَيْكُمْ بِالسَّكِينَةِ فَمَا أَدْرَكْتُمْ فَصَلُّوا وَمَا فَاتَكُمْ فَأَتِمُّوا ) (بخاري ومسلم)

അബ്ദുല്ലാഹ്ബ്നു അബൂ ഖതാദ: തന്റെ പിതാവിൽ നിന്നും ഉദ്ധരിക്കുന്നു: ‘ഞങ്ങൾ നബി(ﷺ)യോടൊപ്പം നമസ്കരിക്കുകയായിരുന്നു, ആ സന്ദർഭത്തിൽ ചില മനുഷ്യർ നമസ്കാരത്തിൽ ഓടി വരുന്ന ശബ്ദം കേൾക്കുകയുണ്ടായി. നമസ്കാരം കഴിഞ്ഞപ്പോൾ ചോദിച്ചു, എന്താണ് നിങ്ങളുടെ പ്രശ്നം? അവർ പറഞ്ഞു: ഞങ്ങൾ നമസ്കാ

രത്തിലേക്ക് ധൃതിപിടിച്ച് വന്നതാണ്. അപ്പോൾ തിരുമേനി(ﷺ) പറഞ്ഞു: 'നിങ്ങൾ അപ്രകാരം പ്രവർത്തിക്കരുത്, നിങ്ങൾ നമസ്കാരത്തിലേക്ക് വരുകയാണെങ്കിൽ നിങ്ങൾ സമാധാനത്തോടെ വരിക, നിങ്ങൾക്ക് എന്താണോ ലഭിക്കുന്നത്, അത് നിങ്ങൾ നമസ്കരിക്കുകയും, നഷ്ടപ്പെട്ടത് പൂർത്തീകരിക്കുകയും ചെയ്യുക' (ബുഖാരി).

(أَنَّ أَبَا هُرَيْرَةَ قَالَ سَمِعْتُ رَسُولَ اللهِ صَلَّى اللهُ عَلَيْهِ وَسَلَّمَ يَقُولُ إِذَا أُقِيمَتِ الصَّلَاةُ فَلَا تَأْتُوهَا تَسْعَوْنَ وَأْتُوهَا تَمْشُونَ عَلَيْكُمُ السَّكِينَةُ فَمَا أَدْرَكْتُمْ فَصَلُّوا وَمَا فَاتَكُمْ فَأَتِمُّوا ) (بخاري)

അബൂഹുറൈറ(ﷺ) പറഞ്ഞു: റസൂലുല്ലാഹ്(ﷺ) പറയുന്നത് ഞാൻ കേൾക്കുകയുണ്ടായി, നമസ്കാരത്തിന്വേണ്ടി ഇഖാമത്ത് വിളിച്ചാൽ നിങ്ങൾ അതിലേക്ക് ഓടി വരരുത്, നിങ്ങൾ നടന്നുകൊണ്ട് വരിക, സമാധാനത്തോടെ ഗാംഭീര്യതയോടെ അതിലേക്ക് വരിക, നിങ്ങൾക്ക് ലഭിച്ചത് നമസ്കരിക്കുകയും, നഷ്ടപ്പെട്ടത് പൂർത്തിയാക്കുകയും ചെയ്യുക' (ബുഖാരി)

**പ്രാർത്ഥനയോടെ...**

ദൈവിക ഭവനങ്ങളിലേക്ക് പോകുമ്പോൾ അനാവശ്യ സംസാരമോ, അനാവശ്യമായ ചർച്ചയോ ചെയ്ത്കൊണ്ടല്ല നാം പോകേണ്ടത് മറിച്ച് തന്നെ സൃഷ്ടിക്കുകയും, തനിക്ക് വേണ്ട സകല വിധ സുഖസൗകര്യങ്ങളും ഒരുക്കി തന്ന രക്ഷിതാവിന് നന്ദി ചെയ്യുവാനാണ് ഞാൻ അവന്റെ ഭവനത്തിലേക്ക് പോകുന്നത് എന്ന ബോധത്തോടെ അവനോട് പ്രാർത്ഥിച്ച് കൊണ്ടായിരിക്കണം. അതാണ് ഹദീസുകൾ നമ്മെ പഠിപ്പിക്കുന്നത്.

(عَنِ ابْنِ عَبَّاسٍ رَضِيَ اللهُ عَنْهُمَا قَالَ بِتُّ عِنْدَ مَيْمُونَةَ فَقَامَ النَّبِيُّ صَلَّى اللهُ عَلَيْهِ وَسَلَّمَ ... فَآذَنَهُ بِلَالٌ بِالصَّلَاةِ فَصَلَّى وَلَمْ يَتَوَضَّأْ وَكَانَ يَقُولُ فِي دُعَائِهِ اللَّهُمَّ اجْعَلْ فِي قَلْبِي نُورًا وَفِي بَصَرِي نُورًا وَفِي سَمْعِي نُورًا وَعَنْ يَمِينِي نُورًا وَعَنْ يَسَارِي نُورًا وَفَوْقِي نُورًا وَتَحْتِي نُورًا وَأَمَامِي نُورًا وَخَلْفِي نُورًا وَاجْعَلْ لِي نُورًا ...) (بخاري)

ഇബ്നു അബ്ബാസ്(ﷺ)വിൽ നിന്ന്; ഞാൻ മൈമൂന(ﷺ)യുടെ വീട്ടിൽ രാത്രി കഴിച്ചു കൂട്ടുകയുണ്ടായി, അപ്പോൾ നബി(ﷺ) എഴുന്നേറ്റു, ... അപ്പോൾ ബിലാൽ(ﷺ) നമസ്കാരത്തിന് ബാങ്ക് കൊടുത്തു, അങ്ങിനെ അദ്ദേഹം നമസ്കരിച്ചു, അതിന് വേണ്ടി വുദ്വു ചെയ്തില്ല, (പ്രവാചകന് ആദ്യം തന്നെ വുദ്വു ഉണ്ടായിരുന്നു) അങ്ങിനെ പ്രവാചകൻ തന്റെ പ്രാർത്ഥനയിൽ ഇങ്ങനെ പറയുന്നുണ്ടായിരുന്നു: അല്ലാഹുവെ, എന്റെ ഹൃദയത്തിൽ നീ പ്രകാശം നിറക്കേണമേ, എന്റെ കാഴ്ചയിലും പ്രകാശം നിറക്കേണമേ, എന്റെ കേൾവിയിലും പ്രകാശം നിറക്കേണമേ, എന്റെ വലതു ഭാഗത്തും പ്രകാശം നിറക്കേണമേ, എന്റെ ഇടതുഭാഗത്തും പ്രകാശം നിറക്കേണമേ, എന്റെ മുകളിലും പ്രകാശം നിറക്കേണമേ, എന്റെ താഴ്ഭാഗത്തും പ്രകാശം നിറക്കേണമേ, എന്റെ മുന്നിലും പ്രകാശം നിറക്കേണമേ, എന്റെ പിന്നിലും പ്രകാശം നിറക്കേണമേ, എനിക്ക് നീ പ്രകാശം നൽകേണമേ...' (ബുഖാരി)

**ഓരോ കാലടിക്കും പ്രതിഫലം:**

പള്ളിയിലേക്ക് പോകുമ്പോൾ മുന്നോട്ട്വെക്കുന്ന ഓരോ കാലടിക്കും വർദ്ധിച്ച പ്രതിഫലമുണ്ടെന്നാണ് നബി(ﷺ) നമ്മെ പഠിപ്പിക്കുന്നത്:

( عَنْ أَبِي هُرَيْرَةَ يَقُولُ قَالَ رَسُولُ اللهِ صَلَّى اللهُ عَلَيْهِ وَسَلَّمَ صَلَاةُ الرَّجُلِ فِي الْجَمَاعَةِ تُضَعَّفُ عَلَى صَلَاتِهِ فِي بَيْتِهِ وَفِي سُوقِهِ خَمْسًا وَعِشْرِينَ ضِعْفًا وَذَلِكَ أَنَّهُ إِذَا تَوَضَّأَ فَأَحْسَنَ الْوُضُوءَ ثُمَّ خَرَجَ إِلَى الْمَسْجِدِ لَا يُخْرِجُهُ إِلَّا الصَّلَاةُ لَمْ يَخْطُ خَطْوَةً إِلَّا رُفِعَتْ لَهُ بِهَا دَرَجَةٌ وَحُطَّ عَنْهُ بِهَا خَطِيئَةٌ فَإِذَا صَلَّى لَمْ تَزَلِ الْمَلَائِكَةُ تُصَلِّي عَلَيْهِ مَا دَامَ فِي مُصَلَّاهُ اللَّهُمَّ صَلِّ عَلَيْهِ اللَّهُمَّ ارْحَمْهُ وَلَا يَزَالُ أَحَدُكُمْ فِي صَلَاةٍ مَا انْتَظَرَ الصَّلَاةَ ) (بخاري)

അബൂഹുറൈറ(ﷺ)വിൽ നിന്ന്, റസൂലുല്ലാഹ്(ﷺ) പറഞ്ഞു: 'ജമാഅത്ത് നമസ്കാരം തന്റെ വീട്ടിലേയും, അങ്ങാടിയിലേയും നമസ്കാരത്തേക്കാൾ ഇരുപത്തിയഞ്ചിരട്ടി പ്രതിഫലമുള്ളതാണ്, അത് അവൻ നല്ലരൂപത്തിൽ വുദ്വു ചെയ്ത് പള്ളിയിലേക്ക് പുറപ്പെടുകയാണെങ്കിൽ, അവനെ നമസ്കാരമല്ലാതെ പുറത്തിറക്കുന്നില്ല, അങ്ങിനെ അവൻ മുന്നോട്ട്വെക്കുന്ന ഓരോ കാലടിക്കും അവന്റെ പദവി

കൾ ഉയർത്തപ്പെടുകയും, ഓരോ കാലടിക്കും പാപങ്ങൾ പൊറുക്കപ്പെടുകയും ചെയ്യും, അതുപോലെ അവൻ നമസ്കരിച്ചാൽ അവൻ തന്റെ നമസ്കാര സ്ഥലത്ത് തന്നെ ഇരിക്കുന്ന സമയമത്രയും മലക്കുകൾ അദ്ദേഹത്തിന് വേണ്ടി പ്രാർത്ഥിച്ചു കൊണ്ടിരിക്കുന്നതാണ്. അവർ പറയും: 'അല്ലാഹുവെ, അദ്ദേഹത്തിന് നീ അനുഗ്രഹം നൽകേണമേ, അദ്ദേഹത്തോട് നീ കാരുണ്യം കാണിക്കേണമേ' എന്ന്. നമസ്കാരം പ്രതീക്ഷിച്ച് ഇരിക്കുന്ന സമയമത്രയും അവൻ നമസ്കാരത്തിലാണ്' (ബുഖാരി).

**പ്രവേശനം:**

പള്ളികളിലേക്ക് പ്രവേശിക്കുമ്പോൾ പ്രത്യേകം പ്രാർത്ഥന തന്നെ പ്രവാചകൻ(ﷺ) നമുക്ക് പഠിപ്പിച്ച് തന്നിരിക്കുന്നു. അതുപോലെ തിരിച്ച് വരുമ്പോഴും നാം പ്രാർത്ഥിക്കുക.

( عَنْ أَبِي أُسَيْدٍ قَالَ قَالَ رَسُولُ اللَّهِ صَلَّى اللهُ عَلَيْهِ وَسَلَّمَ إِذَا دَخَلَ أَحَدُكُمُ الْمَسْجِدَ فَلْيَقُلِ اللَّهُمَّ افْتَحْ لِي أَبْوَابَ رَحْمَتِكَ وَإِذَا خَرَجَ فَلْيَقُلِ اللَّهُمَّ إِنِّي أَسْأَلُكَ مِنْ فَضْلِكَ) (مسلم)

അബൂഉസൈദ്(ﷺ)വിൽ നിന്ന്, റസൂലുല്ലാഹ്(ﷺ) പറഞ്ഞു: ''നിങ്ങളിൽ നിന്ന് ആരെങ്കിലും പള്ളിയിൽ പ്രവേശിക്കുകയാണെങ്കിൽ അവൻ ഇങ്ങനെ പറയട്ടേ, 'അല്ലാഹുവെ, എനിക്ക് നീ നിന്റെ അനുഗ്രഹത്തിന്റെ കവാടങ്ങൾ തുറന്ന് തരേണമേ.' അവൻ പുറത്ത് വരുമ്പോൾ 'ഞാൻ നിന്നോട് നിന്റെ ഔദാര്യം ചോദിക്കുകയും ചെയ്യുന്നു' എന്ന് പറയുകയും ചെയ്യണം'' (മുസ്ലിം).

( عَنْ أَبِي أُسَيْدٍ الْأَنْصَارِيَّ يَقُولُ: قَالَ رَسُولُ اللَّهِ صَلَّى اللهُ عَلَيْهِ وَسَلَّمَ إِذَا دَخَلَ أَحَدُكُمُ الْمَسْجِدَ فَلْيُسَلِّمْ عَلَى النَّبِيِّ صَلَّى اللهُ عَلَيْهِ وَسَلَّمَ ثُمَّ لِيَقُلِ اللَّهُمَّ افْتَحْ لِي أَبْوَابَ رَحْمَتِكَ فَإِذَا خَرَجَ فَلْيَقُلِ اللَّهُمَّ إِنِّي أَسْأَلُكَ مِنْ فَضْلِكَ) (أبودود)

അബൂഉസൈദ് അൽ അൻസാരി(ﷺ) പറയുന്നു: റസൂലുല്ലാഹ്(ﷺ) പറഞ്ഞു: 'നിങ്ങളിൽ നിന്ന് ആരെങ്കിലും പള്ളിയിൽ പ്രവേശിച്ചാൽ നബി(ﷺ)യുടെ പേരിൽ അവൻ സലാം പറയട്ടേ, ശേഷം 'അ

ല്ലാഹുവെ, എനിക്ക് നീ നിന്റെ കാരുണ്യത്തിന്റെ കവാടങ്ങൾ തുറന്ന് തരേണമേ' എന്ന് പറയട്ടെ, അവൻ അവിടെ നിന്നും പുറത്ത് വരുമ്പോൾ ഇങ്ങനെ പറയട്ടെ 'അല്ലാഹുവെ, നിന്നോട് ഞാൻ നിന്റെ ഔദാര്യത്തിൽ നിന്ന് ചോദിക്കുന്നു' (അബൂദാവൂദ്)

**വലത് കാൽ വെച്ച്**

പള്ളികളിലേക്ക് പ്രവേശിക്കുമ്പോൾ വലത് കാൽ മുന്തിപ്പിക്കുകയും, തിരിച്ച് വരുമ്പോൾ ഇടതുകാൽ മുന്തിപ്പിക്കുകയും ചെയ്യുക.

( عَنْ عَائِشَةَ قَالَتْ كَانَ النَّبِيُّ صَلَّى اللهُ عَلَيْهِ وَسَلَّمَ يُعْجِبُهُ التَّيَمُّنُ فِي تَنَعُّلِهِ وَتَرَجُّلِهِ وَطُهُورِهِ وَفِي شَأْنِهِ كُلِّهِ ) (بخاري)

ആയിശാ(ﷺ)യിൽ നിന്ന്, നബി(ﷺ) ചെരുപ്പ് ധരിക്കുന്നതിലും, മുടി ചീകുന്നതിലും, ശുദ്ധിവരുത്തുന്നതിലും, തന്റെ എല്ലാ പ്രശ്നങ്ങളിലും വലത് മുന്തിപ്പിക്കുന്നത് അൽഭുതകരമായ കാര്യം തന്നെയാകുന്നു. (ബുഖാരി).

عن أنس رضي الله عنه قال: (من السنة أذا دخلت المسجد تبدأ برجلك اليمنى ، وإذا خرجت أن تبدأ برجلك اليسرى) (رواه الحاكم)

അനസ്(ﷺ)വിൽ നിന്ന്, 'നീ പള്ളിയിൽ പ്രവേശിക്കുകയാണെങ്കിൽ നിന്റെ വലത് കാൽ നീ മുന്തിപ്പിക്കുന്നതും, പുറത്ത് വരുമ്പോൾ ഇടതു കാൽ മുന്തിപ്പിക്കുന്നതും സുന്നത്തിൽ പെട്ടതാകുന്നു'(ഹാഖിം)

**രണ്ട് റകഅത്ത്:**

പള്ളിയുമായി ബന്ധപ്പെട്ട മര്യാദകളിൽ പെട്ടതാണ് ആരെങ്കിലും പള്ളിയിൽ പ്രവേശിച്ച് കഴിഞ്ഞാൽ രണ്ട് റകഅത്ത് നമസ്കരിക്കാതെ ആരും തന്നെ പള്ളിയിൽ ഇരിക്കാൻ പാടില്ലായെന്നത്. പ്രവാചകൻ(ﷺ) നമ്മെ പഠിപ്പിക്കുന്നത് ശ്രദ്ധിക്കുക:

عن أَبِي قَتَادَةَ بْنَ رِبْعِيٍّ الْأَنْصَارِيَّ رَضِي اللهُ عَنْه قَالَ قَالَ النَّبِيُّ صَلَّى اللهُ عَلَيْهِ وَسَلَّمَ إِذَا دَخَلَ أَحَدُكُمُ الْمَسْجِدَ فَلَا يَجْلِسْ حَتَّى يُصَلِّيَ رَكْعَتَيْنِ ) (بخاري)

അബൂഖതാദ ഇബ്നു രിബ്ഹിയ്യ് അൽഅൻസാരി(ﷺ)വിൽ നിന്ന്,

നബി(ﷺ) പറഞ്ഞു: 'നിങ്ങളിൽ നിന്ന് ആരെങ്കിലും പള്ളിയിൽ പ്രവേശിച്ചാൽ രണ്ട് റകഅത്ത് നമസ്കരിക്കാതെ ആരും ഇരിക്കരുത്' (ബുഖാരി).

**കച്ചവടം.**

പള്ളിയിൽ കച്ചവടം ചെയ്യുവാനോ, കളഞ്ഞ്പോയ വസ്തുക്കൾ തിരഞ്ഞ് നടക്കുവാനുള്ളതോ അല്ല, അത്കൊണ്ട് തന്നെ ആരെങ്കിലും അവിടെ കച്ചവടമോ, അതിനോടനുബന്ധിച്ച കാര്യങ്ങളോ ചെയ്യുകയാണെങ്കിൽ നിനക്ക് അല്ലാഹു ലാഭം നൽകാതിരിക്കട്ടെയെന്ന് പ്രാർത്ഥിക്കണമെന്ന് പ്രവാചകൻ(ﷺ)നമ്മെ പഠിപ്പിക്കുന്നു.

( عَنْ أَبِي هُرَيْرَةَ أَنَّ رَسُولَ اللَّهِ صَلَّى اللهُ عَلَيْهِ وَسَلَّمَ قَالَ إِذَا رَأَيْتُمْ مَنْ يَبِيعُ أَوْ يَبْتَاعُ فِي الْمَسْجِدِ فَقُولُوا لَا أَرْبَحَ اللَّهُ تِجَارَتَكَ وَإِذَا رَأَيْتُمْ مَنْ يَنْشُدُ فِيهِ ضَالَّةً فَقُولُوا لَا رَدَّ اللَّهُ عَلَيْكَ ) (الترمذي)

അബൂഹുറൈറ(رضي الله عنه)വിൽ നിന്ന്, റസൂലുല്ലാഹ്(ﷺ) പറഞ്ഞു: 'ആരെങ്കിലും പള്ളിയിൽ കച്ചവടം നടത്തുന്നതായി നീ കണ്ടാൽ നിന്റെ കച്ചവടത്തിൽ അല്ലാഹു ലാഭം നൽകാതിരിക്കട്ടെയെന്ന് പ്രാർത്ഥിക്കുക, അതുപോലെ ആരെങ്കിലും കളഞ്ഞ്പോയ മുതൽ പള്ളിയിൽ അന്വേഷിക്കുന്നത് നീ കണ്ടാൽ അല്ലാഹു താങ്കൾക്കത് തിരിച്ച് നൽകാതിരിക്കട്ടെയെന്ന് നീ പറയുക' (തിർമിദി)

പള്ളിയിൽ നാം പാലിക്കേണ്ട ഒരുപാട് മര്യാദകൾ നമുക്ക് ഹദീസുകളിൽ കാണാവുന്നതാണ്, പരമാവധി അല്ലാഹുവിനെ സൂക്ഷിച്ച് കൊണ്ട്, ഇസ്ലാം പള്ളിക്ക് നൽകിയിട്ടുള്ള സ്ഥാനം നാം നൽകി ജീവിക്കുക. അല്ലാഹു നമ്മെയെല്ലാം അവന്റെ സ്വർഗത്തിൽ പ്രവേശിപ്പിക്കുമാറാവട്ടെ. ആമീൻ.

وصلى الله وسلم على خير خلقه نبينا محمد وآله وصحبه أجمعين

والحمد لله ربّ العالمين

*************